കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ആലംകോട് ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.28/21/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി.14-02-2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
ആലംകോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ആലംകോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എം.എ.6-5-2020
നം കെ.എസ്.എ.എം.പി.എം..28/21/2020 തിയ്യതി:14-02-2020

## മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.09.2018 മുതൽ 18.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ആർ. അജിത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.12.2019 മുതൽ 31.12.2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പ്രസാദ് . പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ . പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ്. പി.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ആയിശ ഹസ്സൻ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ബാബു രാജൻ .വി | 1.04.2018 മുതൽ 29.08.2018 വരെ, 10.10.2018 മുതൽ 14.03.219 FN വരെ, |
| ശ്രീമതി. ജയറാണി. പി (ഇൻ ചാർജ്) | 30.08.2018 മുതൽ 09.10..2018 വരെ, 14.03.2019 AN മുതൽ 31.03.2019 വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | അജീഷ് കെ നാരയണൻ | 01.04.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സജി.കെ | 01.04.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൗദാബി.കെ | 01.04.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. എൻ നളിനി | 01.04.2018 മുതൽ 17.03.2019 വരെ |

| | | |
|---|---|---|
| | ശ്രീ. വിഷ്ണു നാരയണൻ | 18.03.2019 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ജ്യൂൽന | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിന്ദു പി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനിത പ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. കെ സുരേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ജയറാണി . പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുഷ്,ആയുർവേദം) | ഡോ. ലീന | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്ര നം | ഖണ്ഡിക നം | തുക |
|---|---|---|
| | | ഭാഗം-1 പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ |
| 13 | 1-13 | പെർമിറ്റിലെ വിനിയോഗ തരത്തിൽ നിന്നും വ്യത്യസ്തമായി വസ്തു നികുതി നിർണ്ണയിച്ചു. |
| 14 | 1-14 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത സംബന്ധിച്ച് . |
| 16 | 1-15 | ചെലവഴിക്കാത്ത തുക തിരിച്ച് ലഭ്യമാക്കേണ്ടതാണ്. |
| 17 | 1-16 | വാട്ടർ ചാർജ് അടവാക്കുന്നത് -സംയുക്ത പരിശോധന നടത്തേണ്ടതാണ്. |
| 18 | 1-17 | ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് |
| 19 | 1-18 | വനിതകൾക്ക് യോഗ പരിശീലനം-രേഖകൾ ഹാജരാക്കിയില്ല. |
| 20 | 1-19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |

| | | |
|---|---|---|
| 21 | 1-20 | സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി- അധികം നൽകിയ തുക 5771 രൂപ തിരിച്ചടച്ചു. |
| 22 | 1-21 | കണിയത്ത് പറമ്പിൽ തെക്കുമുറി ഹിദായത്തുൾ മദ്രസ്സ റോഡ് റീടാറിംഗ് - അപാകത |
| 23 | 1-22 | എസ്.സി വനിതകൾക്ക് ഇരുചക്ര വാഹനം - പദ്ധതി അപാകത-232936 രൂപ തടസ്സം ചെയ്യുന്നു. |
| 24 | 1-23 | എസ്.സി.കോളനിയിൽ തെരുവ് വിളക്ക് റിപ്പയർ - - പദ്ധതി അപാകത |
| 25 | 1-24 | പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പ്രവർത്തനം തുടങ്ങിയിട്ടില്ല- കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. |
| 26 | 1-25 | അധികം ലഭിച്ച ചെക്കിന്റെ വിനിയോഗം സംബന്ധിച്ച് |
| 27 | 1-26 | പരിരക്ഷ പാലിയേറ്റീവ് കെയറിനു വേണ്ടി മുൻകൂർ നല്കിയ തുകകയുടെ മരുന്ന് ലഭിച്ചതിന്റെ വിവരം ലഭ്യമല്ല |
| 28 | 1-27 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ |
| 29 | 1-28 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ-₹.227300/- തടസ്സപ്പെടുത്തുന്നു. |
| 30 | 1-29 | വൃദ്ധർക്ക് കട്ടിൽ നല്കൽ (എസ്.സി)-ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അഭാവത്താൽ 9390/-രൂപ തടസ്സപ്പെടുത്തുന്നു. |
| 31 | 1-30 | വൃദ്ധർക്ക് കട്ടിൽ നല്കൽ(ജനറൽ) -ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ല- 6260/-രൂപ തടസ്സപ്പെടുത്തുന്നു. |
| 33 | 1-31 | പി.എം.എ.വൈ-അധികം വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 32 | 1-32 | പി.എച്ച്.സി.യിലേക്ക് പ്രിന്ററും ലബോറട്ടറി ഉപകരണങ്ങളും വാങ്ങൽ-അപാകതകൾ |
| 33 | 1-33 | പി.എം.എ.വൈ-അധികം വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | | ഭാഗം-2<br>വരവുകണക്കുകളിൽമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| | | ഇല്ല |
| | | ഭാഗം-3<br>ചെലവു കണക്കുകളിൽമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| | | ഇല്ല |
| | | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 34 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 35 | 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 38 | 4-5 | വായ്പ /വായ്പ തിരിച്ചടവ് |
| 39 | 4-6 | സ്ഥിര നിക്ഷേപം |
| 40 | 4-7 | ഓഡിറ്റ് റിക്കവറി |
| | | |

| | | |
|---|---|---|
| 41 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 42 | 4-9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. |
| 43 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | Annexure-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 46 | Annexure-2 | Audited Abstract |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19 ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1(1)/28.03.2018 | 3(1)/30.01.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 23066286 |
| വരവ് | 116060311 |
| ആകെ | 139126597 |
| ചെലവ് | 95670727 |
| നീക്കിയിരിപ്പ് | 43455870 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15251000 | 15251000 | 14939599 | 311401 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1007800 | 1007800 | 10046646 | 31354 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12364000 | 12364000 | 12364000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3210000 | 3210000 | 3210000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7079000 | 7079000 | 7078977 | 23 |
| ബി ഫണ്ട് | 0 | 19269240 | 19269240 | 19269240 | 0 |
| എം.ജി.എൻആർ.ഇ.ജി.എസ് | 2674 | 16903556 | 16906230 | 16899674 (16741964+157710) | 6556 |
| എസ്.ബി.ടി. ഇ-പെയ്മെന്റ് | 41760 | 66635 | 108395 | 665 | 107745 |
| തനത് ഫണ്ട് | 20009833 | 21370510 | 41380343 | 13071700 | 28308643 |
| ജോയിന്റ് വെഞ്ച്വർ-ബ്ലോക്ക് പഞ്ചായത്ത് | 617057 | 1562500 | 2179557 | 1358600 | 820957 |
| ജോയിന്റ് വെഞ്ച്വർ-ജില്ലാ പഞ്ചായത്ത് | 500000 | 1561000 | 2061000 | 212500 | 1848500 |
| എസ്.ബി.എെ. ഷോപ്പിംഗ് കോംപ്ലക്സ് | 7057 | 9733403 | 9740460 | 9720000 | 20460 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 87395751 | 180 | 67894431 | - | 18 | 90.9% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

| | | | | | |
|---|---|---|---|---|---|
| | | | | | |
| എസ്.ബി.ടി. ഇ-പെയ്മെന്റ് | 41760 | 66635 | 108395 | 665 | 107745 |
| തനത് ഫണ്ട് | 20009833 | 21370510 | 41380348 | 13071700 | 208308643 |
| ജോയിന്റ് വെഞ്ച്വർ-ബ്ലോക്ക് പഞ്ചായത്ത് | 617057 | 1562500 | 2179557 | 1358600 | 820957 |
| ജോയിന്റ് വെഞ്ച്വർ-ജില്ലാ പഞ്ചായത്ത് | 500000 | 1561000 | 2061000 | 212500 | 1848500 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.എെ. ഷോപ്പിംഗ് കോംപ്ലക്സ് | 7057 | 9733403 | 9740460 | 9720000 | 20460 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2674 | 970683 | 973357 | 966801 | 6556 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15775164 | 15775164 | 15775164 | 0 |
| ആകെ | 2674 | 16745847 | 16748521 | 16741965 | 6556 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 114840 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 1064900 | 266 |
| വിധവ പെൻഷൻ | 5612900 | 1383 |
| വാർദ്ധക്യകാല പെൻഷൻ | 9813600 | 2356 |
| വികലാംഗപെൻഷൻ | 1659100 | 393 |
| വിവാഹധനസഹായം | 540000 | 18 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 196400 | 47 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33306 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

അഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു. വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള വരവ് ചെലവുകൾ ടി.ആർ 7 എ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2019 | 11/2019 വരെ | 06.12.2019 |
| അകൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2004 | 1997-98 മുതൽ 2003-04 വരെ | 13.09.2004 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക കണക്കിലെ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പുള്ള സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

2.ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരമുള്ള നിക്ഷേപം ഇനത്തിലെ 14,600 രൂപയിൽ 1000 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

3. 2017-18 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി -15 പ്രകാരമുള്ള തുകയും 2018 -19 വർഷത്തെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭിച്ച ഡി.സി.ബിയിലെ കുടിശ്ശിക തുകയും തമ്മിൽ 42410 രൂപയുടെ വ്യത്യാസം ഉണ്ട്. വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റ എന്ട്രി നടത്തിയപ്പോൾ ഉണ്ടായ അപാകതകൾ പരിഹരിച്ചതിനാലും പ്യൂരിഫിക്കേഷൻ നടത്തിയതിന്റെ ഫലമായി ഡിമാന്റ് കൃത്യതപ്പെടുത്തിയതിനാലുമാണ് വ്യത്യാസം വന്നതെന്ന് വിശദീകരിക്കപ്പെട്ടു.

4. ബാലൻസ് ഷീറ്റിലെ ബി-11(a) പ്രകാരം Capital Work in Progress 2,10,304 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ രജിസ്റ്റർ പ്രകാരം 6,39,097 രൂപയാണ്.

## 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

<u>1. ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന ഫീസ്, സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിന്നും ഭേദഗതി ചെയ്ത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിക്കാവുന്നതാണ്. എന്നാൽ രജിസ്റ്ററിലോ

അനുബന്ധ രേഖകളിലോ സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ചതായി കാണുന്നില്ല.

2.ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

# 1-13 പെർമിറ്റിലെ വിനിയോഗ തരത്തിൽ നിന്നും വ്യത്യസ്തമായി വസ്തു നികുതി നിർണ്ണയിച്ചു.

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 34 പ്രകാരം കെട്ടിടങ്ങളെ അവയുടെ വിനിയോഗത്തിന്റെയോ ഉപയോഗത്തിന്റെയോ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്.

| ഗണം | വിനിയോഗ തരത്തിന്റെ പേര് |
|---|---|
| A1 | പാർപ്പിടം |
| A2 | ലോഡ്ജിംഗ് ഹൗസ് |
| F | വാണിജ്യപരം |

താഴെ പറയുന്ന കെട്ടിട നിർമ്മാണ പെർമിറ്റിൽ ഗ്രൂപ്പ്-A1 തരത്തിനാണ് പെർമിറ്റ് അനുവദിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പെർമിറ്റ് നമ്പർ | അപേക്ഷകന്റെ പേര് | പെർമിറ്റിലെ വിനിയോഗ തരം |
|---|---|---|
| BL-180/17<br>18.09.2017 | റഹാസുദ്ദീൻ മുതൽ പേർ<br>ചെക്കോട്ടുവളപ്പിൽ (വീട്) | പാർപ്പിടം (ഗ്രൂപ്പ്-A1) |
| BL-82/16<br>30.06.2016 | ആയിശക്കുട്ടി മുതൽ പേർ കിളയിൽ (വീട്) | പാർപ്പിടം (ഗ്രൂപ്പ്-A1) |

എന്നാൽ ഇതേ പെർമിറ്റിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോൾ , വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. കെട്ടിട നമ്പർ അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | അനുവദിച്ച കെട്ടിട നമ്പർ | നികുതി നിശ്ചയിച്ച വിനിയോഗ തരം / അടിസ്ഥാന നികുതി |
|---|---|---|
| റഹാസുദ്ദീൻ മുതൽ പേർ<br>ചെക്കോട്ടുവളപ്പിൽ (വീട്) | 10/373-E<br>10/373-F<br>10/373-H | വാണിജ്യം (ഗ്രൂപ്പ്-F)/<br>30 രൂപ/ച.മീറ്റർ |

| | | |
|---|---|---|
| | 10/373-I | |
| ആയിശക്കുട്ടി മുതൽ പേർ കിളയിൽ (വീട്) | 6/298-A<br>6/298-B<br>6/298-C<br>6/298-D | വാണിജ്യം (ഗ്രൂപ്പ്-F)/<br>30 രൂപ/ച.മീറ്റർ |

കെട്ടിട ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നിരക്കിൽ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ , ഷെഡ്യൂൾ-2 പ്രകാരം ഗ്രൂപ്പ്-A1 ഒഴികെയുള്ള കെട്ടിടങ്ങൾക്ക് 5 രൂപ/ച.മീറ്റർ എന്ന നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത് . ഇത്ര പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത സംബന്ധിച്ച് .

2018-19 സാമ്പത്തിക വർഷത്തിലെ വരുമാന പത്രിക പരിശോധിച്ചത് പ്രകാരം താഴെ പറയുന്നവരിൽ നിന്നും വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | അർദ്ധ വർഷം/ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| മദർ ചൈൽഡ് ഹോസ്പിറ്റൽ | ഡോ. വിൻസന്റ് അക്കരെ | 1/150000 | 1000 | 1250 | 250 |
| | ടോമി.സി.പി | 1/150000 | 1000 | 1250 | 250 |
| | ഗീത | 1/18000 | 120 | 180 | 60 |
| | കൃഷ്ണ മോഹൻ | 1/18000 | 120 | 180 | 60 |
| മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | സജിത്ത് .പി.എം | 1/79548 | 600 | 750 | 150 |
| ഗവ. എച്ച്.എസ്.എസ് കോക്കൂർ | ജോൺക്കുട്ടി.ഇ | 1/75461 | 600 | 750 | 150 |
| ഇർഷാദ് സ്കൂൾ പന്താവൂർ | ശബീർ | 1&2/18032 | 120&120 | 180&180 | 120 |
| ആകെ | | | | | 1040 |

കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ചെലവഴിക്കാത്ത തുക തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

2018-19 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ പുഞ്ചിരിക്കുന്ന് കുടിവെള്ള പദ്ധതി കുഴൽക്കിണർ നിർമ്മാണത്തിനായി താഴെ പറയും പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര്/ ഫണ്ട് | തുക | ബിൽ നമ്പർ / തീയതി | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 218/19 | പുഞ്ചിരിക്കുന്ന് കുടിവെള്ള പദ്ധതി കുഴൽക്കിണർ നിർമ്മാണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 49,020 | 23/18-19 തി.27-12-18 | ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ കാര്യാലയം മലപ്പുറം |

മേൽ പ്രവത്തി പൂർത്തിയായി 38,174 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.അവശേഷിക്കുന്ന 10,846 രൂപ ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-16 വാട്ടർ ചാർജ് അടവാക്കുന്നത് -സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2018-19 വർഷത്തിൽ ആലംകോട് ഗ്രാമപഞ്ചായത്തിൽ നിന്നും വാട്ടചാർജ് ഇനത്തിൽ 14,54,256 രൂപ കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ എടപ്പാളിൽ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്.(പ്രതിമാസം 1,21,188 രൂപ വീതം). ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അനാവശ്യ ചെലവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയതിനനുസരിച്ച് വാട്ടർ ചാർജ് പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

## 1-17 ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ/പേര്, ഫണ്ട് | 12-അംഗൻവാടി അനുപൂരക പോഷകാഹാരം<br>അടങ്കൽ-2500000-വികസനഫണ്ട്<br>1000000-കേന്ദ്രാവിഷ്കൃത ഫണ്ട്<br>ചെലവ്-2449911-വികസനഫണ്ട്<br>573439-കേന്ദ്രാവിഷ്കൃതഫണ്ട്. |

| | |
|---|---|
| | 139-അനുപൂരക പോഷകാഹാരം എസ് സി പി<br>അടങ്കൽ- 6,00,000 -വികസനഫണ്ട എസ് സി പി<br>ചെലവ്- 6,00,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

മേൽ പ്രോജെക്ടിന്റെ നടത്തിപ്പിനായി 14,830 കി ഗ്രാം അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ളിമെന്റ് വാങ്ങിയതിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പടെ 10,90,681 രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ | കി ഗ്രാം | തുക |
|---|---|---|---|
| 1 | 1/18-19 തി. 16-5-18 | 1560 | 109980 |
| | | 1555 | 115108 |
| 2 | 2/18-19 തി. 4-9-18 | 1560 | 115478 |
| | | 1560 | 115478 |
| | | 1130 | 83647 |
| 5 | 4/18-19 തി. 28-11-18 | 1575 | 115762 |
| | | 1260 | 92610 |
| 6 | 7/18-19 തി19-1-19 | 1460 | 108040 |
| 7 | 8/18-19 തി. 16-3-19 | 1575 | 116549 |
| 8 | | 1595 | 118029 |
| | ആകെ | 14830 | 1090681 |

സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടറുടെ ഐസിഡിഎസ് ബി3-312/10 തി. 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രോഡക്ടുകളുടെ സാമ്പിളുകൾപരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. ഫുഡ്ടെസ്റ്റ് ലാബിലെ പരിശോധനാറിപ്പോർട്ട് മുഴുവൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 1/27-12-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ പരിശോധനയ്ക്കായി സാമ്പിളുകൾ അയച്ചിട്ടുണ്ടെന്നും എന്നാൽ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

# 1-18 വനിതകൾക്ക് യോഗ പരിശീലനം-രേഖകൾ ഹാജരാക്കിയില്ല.

| വർഷം | 2018-19 |
|---|---|
| പ്രോജെക്ട് നമ്പർ/പേര്, | 137-വനിതകൾക്ക് യോഗ പരിശീലനം<br>അടങ്കൽ-40000-തനത് ഫണ്ട്<br>ചെലവ്-40000-തനത് ഫണ്ട് |

| | |
|---|---|
| | ചെക്ക് നമ്പർ/തീയതി-2672234/6-8-18 |
| നിർവഹണ ഉദ്യാഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് 12-3-18 മുതൽ 30-6-18 വരെ 50 വനിതകൾക്ക് യോഗ പരിശീലനം നൽകിയിട്ടുണ്ട്. പ്രതിഫലമായി 40,000 രൂപ യോഗ ട്രെയിനർ കൈപ്പറ്റിയിട്ടുണ്ട്.ഇതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃലിസ്റ്റ്,യോഗ ട്രെയിനർക്ക് പ്രതിഫലം നൽകിയതിന്റെ മാനദണ്ഡങ്ങൾ,മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുക 40,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 3/27-12-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട് നമ്പർ/പേര് | 131/18-19-തുടർ സാക്ഷരതാ പരിപാടി<br>അടങ്കൽ-3,00,000-വികസനഫണ്ട്<br>1000000-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 260750<br>ബിൽ നമ്പർ 10/18-19 തി. 26-3-19 |
| നിർവഹണ ഉദ്യാഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് പത്താംതരം,യർസെക്കൻഡറി തുല്യതാ പരീക്ഷയുടെ രജിസ്ട്രേഷൻ ഫീസായി 1,92,250 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 192,250 രൂപ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 4/27-12-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം സംസ്ഥാന സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി- അധികം നൽകിയ തുക 5771 രൂപ തിരിച്ചടച്ചു.

<u>അംഗനവാടി നം.5 റിപ്പയർ -അപാകത - അധികം നൽകിയത് 5771 രൂപ</u>

പ്രോജക്റ്റ് നം - 49/19

എം. ബുക്ക് - 86/16-17

കരാർ - 95/28.3.17 (Estimate rate)

മൂല്യനിർണ്ണയം - 252684

ചെക്ക്- 2672248/8.10.18

കരാറുകാരൻ -KA. റഫീക്ക്

Cost Index -36.19% (DSR 2014)

TS-350000

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 106 kgവരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 92.20/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 2 | 145.36 kg x 123.87/kg = 18006 | 145.36 kg x 92.20/kg = 18006 | 4604 |

കൂടാതെ മൂല്യവർദ്ധിത നികുതി 1167 രൂപ കുറവായാണ് കരാറുകാരനിൽ നിന്നും പിടിച്ചിട്ടുള്ളത്.
കരാറുകാരന് അധികം നൽകിയ തുക 5771 രൂപ (4604+1167)

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 5771 രൂപ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ (AUDIT ENQUIRY No.23 /31.12.19) തുക കരാറുകാരനിൽ നിന്നും ഈടാക്കി 119140107631/31.12.19 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചു.

# 1-21 കണിയത്ത് പറമ്പിൽ തെക്കുമുറി ഹിദായത്തുൾ മദ്രസ്സ റോഡ് റീടാറിംഗ് - അപാകത

പ്രൊജക്റ്റ് നം : 183/19

| അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|
| 174711.00 CFC | 166008.00 | 79/21.3.19 |

കരാർ നം : AE/LSGD/AKD/101/17-18 തീയ്യതി.30.3.18

എംബുക്ക് നം: 134/17-18

കൺവീനർ : ഷാബിർ.KV

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ യൂണിറ്റ് നിരക്കുകളിൽ 10% ഓവർ ഹെഡ് ഉൾപ്പെടുന്നുണ്ട് . ചീഫ് എഞ്ചിനീയറുടെ 29.12.16 ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിന് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കുന്ന കൺവീനർ പ്രവൃത്തികളുട എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് വകയിരുത്തിയതിനാൽ, ബിൽ അനുവദിക്കുമ്പോൾ 7.5% ൽ ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് ഈ പ്രൊജക്റ്റിന്റെ ബിൽ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ കൺവീനർക്ക് താഴെ പറയും പ്രകാരം 12450.00 രൂപ അധികം ലഭിക്കാൻ ഇടയായിട്ടുണ്ട്.

കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 166008 |
| (-)വാറ്റ് 5% | 8300 |
| (-)IT.2% | 3320 |
| (-)KCWWF1% | 1660 |
| (-)ഓവർ ഹെഡ്2.5% | 4150 |
| കൺവീനർക്ക് നൽകാവുന്നത് | 148578 |

കൺവീനർക്ക് നൽകിയ തുക – 161028

അധികം നൽകിയത് - 148578 – 161028 = 12450

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 12450 രൂപ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ (AUDIT ENQUIRY No.23 /31.12.19) തുക കരാറുകാരനിൽ നിന്നും ഈടാക്കി 119140107630/31.12.19 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചു.

## 1-22 എസ്.സി വനിതകൾക്ക് ഇരുചക്ര വാഹനം - പദ്ധതി അപാകത-232936 രൂപ തടസ്സം ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്റ്റ് - 38/19

പദ്ധതി പ്രകാരം 15 പേർക്ക് ഇരുചക്ര വാഹനം വാങ്ങിയതിന് സബ്സിഡി (50%)അനുവദിച്ചിട്ടുണ്ട്. ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തി. 14.2.18 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം തൊഴിൽ രഹിതരോ ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം പദ്ധതിയുടെ ഗുണഭോക്താക്കൾ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇരുചക്ര വാഹനം ഉപയോഗിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവർ അല്ലാത്തതിനാൽ മേൽ മാർഗ്ഗരേഖ പ്രകാരമുള്ള ധന സഹായത്തിന് ഇവർ അർഹരല്ല.

| ക്രമ നം. | പേര് | തൊഴിൽ | അനുവദിച്ച സബ്സിഡി | സ്ഥാപനം | ബിൽ |
|---|---|---|---|---|---|
| 1 | ശ്രുതി.MV | ടൈലറിംഗ് | 29263 | SML Motors, Malappuaram | 5/26.11.18 |
| 2 | രാജി.PP | ഹോം ട്യൂഷൻ | 27740 | Uniride Honda, Malappuram | 5/26.11.18 |
| 3 | ശിൽപ.M | ഹോം ട്യൂഷൻ | 27825 | Arshad Motors,Palakad | 5/26.11.18 |
| 4 | ഷൈനി.VP | ഹോം ട്യൂഷൻ | 29566 | Uniride Honda, Malappuram | 10/26.12.18 |
| 5 | സുജിത.TM | കൃഷി | 29263 | SML Motors, Malappuaram | 6/6.12.18 |

| | | | | | |
|---|---|---|---|---|---|
| 6 | അഞ്ജുഷ.PV | ടൈലറിംഗ് | 33228 | Mangattil Suzuki, Tirur | 15/14.1.19 |
| 7 | ദിവ്യ.TV | ടൈലറിംഗ് | 29263 | SML Motors, Malappuaram | 8/12.12.18 |
| 8 | സുശീല | ടൈലറിംഗ് | 26788 | Uniride Honda, Malappuram | 5/26.11.18 |
| | ആകെ | | 232936 | | |

സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിന് വിശദീകരം ആവശ്യപ്പെട്ടതിൽ (AUDIT ENQUIRY No.25 /31.12.19) തൊഴിൽ രഹിതർക്കാണ് ഇരുചക്ര വാഹനം വാങ്ങി നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായ ചെലവായതിനാൽ ചെലവ് തുക 232936 രൂപ തടസ്സം ചെയ്യുന്നു.

# 1-23 എസ്.സി.കോളനിയിൽ തെരുവ് വിളക്ക് റിപ്പയർ - - പദ്ധതി അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

താഴെ പറയുന്ന 2 പദ്ധതികളിലായി എസ്.സി.കോളനികളിലെ തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് തുക നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് | കരാറുകാരൻ | Invoice | എണ്ണം | തുക | ബിൽ നം. |
|---|---|---|---|---|---|
| 202/19<br>AK Street light reparing, karimba | | 348/12.3.18 | 292 | 198560<br>292 (CFL Automatic)x680 | 6/17.3.18 |
| | | 370/2.8.18 | 162 | 101440 (Ltd)<br>162 (CFL Automatic)x680=110160 | 3/30.8.18 |
| 109/19 | Smile Agencies, Kootanad | 11/20.3.19 | 310 | 204086 (Ltd)<br>210 (CFL Automatic)x675=141590<br>100 (manual street llight )x625=62500 | 30/26.3.19 |
| | | | 764 | 504086 | |

പദ്ധതി അപാകതകൾ

1. കെ.എസ്.ഇ.ബി യുടെയും ഗ്രാമ പഞ്ചായത്തിന്റെയും സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ മൊത്തം 494 CFL Automatic ബൾബുകളാണ് ഉള്ളത്. മേൽ പദ്ധതികളിലായി ആകെ 764 CFL Automatic ബൾബുകൾ റിപ്പയർ ചെയ്തതിനാണ് മേൽ പ്രകാരം തുകകൾ അനുവദിച്ചിട്ടുള്ളത് . എസ്.സി കോളനികളിൽ മാത്രമായിട്ടാണ് 764 CFL Automatic ബൾബുകൾ റിപ്പയർ ചെയ്തിട്ടുള്ളത് എന്നത് ശ്രദ്ധേയമാണ്.

2. കേട്ട വന്ന ബൾബുകൾ സംബന്ധിച്ച കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല റിപ്പയറിംഗ് നടത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ റിപ്പയറിംഗ് നടത്തി എന്ന് പറയുന്ന ബൾബുകളുടെ ആധികാരികത വ്യക്തമല്ല. എന്നാൽ മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിനോടൊപ്പം വച്ചിട്ടുണ്ട്.

3. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പരാതി രജിസ്റ്ററിൽ ഒരു പരാതി പോലും രേഖപ്പെടുത്തിയിട്ടില്ല.

4. കരാർ പ്രകാരം ഒരു വർഷത്തെ വാറന്റി കാലയളവ് (AMC) ഉണ്ടെങ്കിലും ഇത് പരിശോധിക്കപ്പെടാതെയാണ് തുക നൽകിയിട്ടുള്ളത്.

5. നാട്ടു കല്ലിംഗൽ, കക്കാട് മേലെപ്പുറം, ഉദിനിപ്പറമ്പ്, കക്കിടിപ്പുറം, പന്താവൂർ മനക്കടവത്ത്, ചിയ്യാനൂർ, മനക്കൽ കുന്ന്, കോലിക്കര, ഒതളൂർ, പെരുമുക്ക്, ആലങ്കോട്, മാത്തൂംപുറം, കോക്കൂർ അട്ടയിൽ കുന്ന്, തെക്കെമുക്ക്, കോട്ടയിൽ കുന്ന് താഴം ,മാന്തടം എന്നീ 17 എസ്.സി കോളനികളിലാണ് റിപ്പയറിംഗ് നടത്തിയിട്ടുള്ളത്. ഈ കോളനികളിലെ 764 CFL Automatic ബൾബുകൾ റിപ്പയർ ചെയ്തിട്ടുണ്ട് എന്ന കരാറുകാരന്റെ കണക്ക് വിശ്വാസ യോഗ്യമല്ല.

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (AUDIT ENQUIRY No.25 /31.12.19). മേൽ അപാകതകളാൽ ചെലവ് തുക 504086തടസ്സം ചെയ്യുന്നു.

# 1-24 പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - പ്രവർത്തനം തുടങ്ങിയിട്ടില്ല- കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്റ്റ് - 195/19

എം. ബുക്ക് - 89/17-18, 104/117-18, 165/17-18

കരാർ - 70/26.2.18

മൂല്യനിർണ്ണയം - 718929

ബിൽ - 76/12.3.19-635472

91/26.3.19- 24528

ചെക്ക്- 5139031/18.3.19 - 58929

കരാറുകാരൻ - റഫീക്ക് .KA

TS - 8,00,000

8 ലക്ഷം അടങ്കലുള്ള പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടത്തിന്റെ നിർമ്മാണം 718929മൂല്യനിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ ചെക്ക് മെഷർമെന്റ് 8.3.19 ന് നടത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം 30.12.19 ന് അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

1. നിലവിൽ പ്ളാസ്റ്റിക് വേസ്റ്റുകൾ കളക്ട് ചെയ്യുന്ന ഒരു കളക്ഷൻ സെന്റർ ആയിട്ടാണ് കെട്ടിടം പ്രവർത്തിക്കുന്നത്.

2. ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ 3 മെഷീനറികൾ കെട്ടിടത്തിൽ കൊണ്ടുവച്ചിട്ടുണ്ട്. എന്നാൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുള്ള വില കൂടിയ

മെഷിനറികൾ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ് കാണപ്പെട്ടത്.

3. പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല

4. കെട്ടിടത്തിന് ഇനിയും പണികൾ പൂർത്തീകാനിരിക്കെ തുടർ പ്രവൃത്തികൾക്കായി 2019-20 വർഷത്തിൽ പ്രോജക്റ്റ് വച്ചിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ഇതിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കേണ്ടതാണ്.

# 1-25 അധികം ലഭിച്ച ചെക്കിന്റെ വിനിയോഗം സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്റ്റ് നം. | 77/18-19 |
| പ്രൊജക്റ്റിന്റെ പേര് | പൊതുജനാരോഗ്യ ശാക്തീകരണം |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,<br>പ്രൈമറി ഹെൽത്ത് സെന്റർ. |
| ആകെ അടങ്കൽ | ₹.100000/- |
| ചെലവഴിച്ച തുക | ₹.100000/- (തനതു ഫണ്ട്) |

പൊതുജനാരോഗ്യ ശാക്തീകരണം നടപ്പിലാക്കാൻ തനതു ഫണ്ടിൽ നിന്നും ലഭ്യമായ ചെക്ക് മുഖേന ലഭിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തുക |
|---|---|---|
| 01 | 2672293/27.12.18 | 37615 |
| 02 | 5139044/22.03.19 | 58158 |
| 03 | 5139043/22.03.19 | 4227 |
| 04 | 5139050/26.03.19 | 37110 |
| 05 | 5139051/26.03.19 | 21048` |
| | ആകെ | 158158 |

മേൽ പദ്ധതിയ്ക്ക് ചെലവു പത്രിക പ്രകാരം ആകെ ചെലവഴിച്ചത് 100000/-രൂപയാണ്. പഞ്ചായത്ത് 158158/-രൂപയുടെ ചെക്ക് നല്കിയിട്ടുണ്ട്. അധികം ലഭിച്ച 58155/-രൂപ ചെക്കിന്റെ വിനിയോഗം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 58155/-രൂപയുടെ ചെക്ക് ക്യാൻസൽ ചെയ്തു എന്നാണ് ബന്ധപ്പെട്ട

ഉദ്യോഗസ്ഥൻ അറിയിച്ചത്. ക്യാൻസൽ ചെയ്ത ചെക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-26 പരിരക്ഷ പാലീയേറ്റീവ് കെയറിനു വേണ്ടി മുൻകൂർ നല്കിയ തുകകയുടെ മരുന്ന് ലഭിച്ചതിന്റെ വിവരം ലഭ്യമല്ല

ശാരീരികവും മാനസികവുമായി വിഷമം അനുഭവിക്കുന്ന രോഗികളുടേയും വൃദ്ധരുടേയും പരിചരണവും അവരുടെ അസുഖത്തിന്റെ തീവ്രത ലഘൂകരിക്കലുമാണ് പരിരക്ഷ പാലീയേറ്റീവ് കൊണ്ട് ഉദ്ദേശിക്കുന്നത്. മേൽ ആവശ്യത്തിനായി മുൻകൂർ നല്കിയ തുക 165000/-രൂപയുടെ മരുന്ന് ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 72/18-19 |
| പ്രൊജക്റ്റിന്റെ പേര് | പരിരക്ഷ പാലീയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,<br>പ്രൈമറി ഹെൽത്ത് സെന്റർ. |
| ആകെ അടങ്കൽ | ₹.600000/- |
| ചെലവഴിച്ച തുക | ₹.600000/- |

ആകെ തുകയായ 600000/-രൂപയിൽ 165000/-രൂപ (ബില്ല് നം.11/18-19 dated 27.11.18) PRF-2660 തിയ്യതി 23.11.18 പ്രകാരം KMSCL,തൈക്കാടിന് നല്കിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് അന്വേഷണം നം. 13 തിയ്യതി 30.12.2019ന് മറുപടി ലഭിച്ചിട്ടില്ല.

2. പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ-മുൻകൂർ നല്കിയ തുകയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമല്ല-150000/-രൂപ തടസ്സപ്പെടുത്തുന്നു

പി.എച്ച്.സിയിലേക്ക് ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് രോഗനിർണ്ണയം ഉറപ്പാക്കി മരുന്ന് നല്കി കാര്യക്ഷമമായ ജനസേവനം ഉറപ്പാക്കുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

| | |
|---|---|
| പ്രൊജക്റ്റ് നം. | 134/18-19 |
| പ്രൊജക്റ്റിന്റെ പേര് | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡോ. റിയാസ്.സി<br>മെഡിക്കൽ ഓഫീസർ, |

| | |
|---|---|
| | പ്രൈമറി ഹെൽത്ത് സെന്റർ. |
| ആകെ അടങ്കൽ | ₹.150000/- |
| ചെലവഴിച്ച തുക | ₹.150000/- (റോഡീതരം)<br>ട്രഷറി ബിൽ നം. 12/18-19 dt. 27.11.18 |

മേൽ പ്രോജക്റ്റ് പ്രകാരം 150000/-രൂപ (PRF2652 dated 23.11.18ന്) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തൈക്കാടിന് മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെയും ലഭ്യമായതായി വിവരം ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് അന്വേഷണം നം. 16 തിയ്യതി 30.12.2019ന് മറുപടി ലഭിച്ചിട്ടില്ല.

## 1-27 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കി പാലുല്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതികളുടെ ലക്ഷ്യം.

| | |
|---|---|
| പ്രൊജക്റ്റ് നം. | 44/19 & 45/19 |
| പ്രൊജക്റ്റിന്റെ പേര് | കറവ പശുക്കൾക്ക് കാലിത്തീറ്റ |
| നിർവ്വഹണോദ്യോഗസ്ഥ | ഡോ.അനിത പ്രസാദ്.ജെ,<br>വെറ്ററിനറി സർജൻ |
| ചെലവഴിച്ച തുക | പ്രൊജക്റ്റ് നം. 44/19 - ₹.569182/- (ജനറൽ)-അടങ്കൽ<br>വികസന ഫണ്ട് 150000/-രൂ- ചെലവ്<br>(Try.Bill No. JA-9/18-19/13.3.19 ₹. 100000/-<br>Try.Bill No. JA-12/18-19/13.3.19 ₹. 50000/-<br>തനത് ഫണ്ട് 134591/-<br>ഗുണഭോക്തൃ വിഹിതം 284591/- |
| | പ്രൊജക്റ്റ് നം. 45/19 - ₹.25168(എസ്.സി)-അടങ്കൽ<br>വികസന ഫണ്ട്( എസ്.സി.പി)<br>Try.Bill No. JA-10/18-19/13.3.19 ₹. 12456/-ചെലവ്<br>Try.Bill No. JA-11/18-19/25.3.19 ₹. 50000/-ചെലവ്<br>ഗുണഭോക്തൃ വിഹിതം 6292/- |

ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കി പാലുല്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതികളുടെ ലക്ഷ്യം. പ്രോജക്റ്റ് നം. 44/19ൽ തനത് ഫണ്ടായി പഞ്ചായത്തിൽ നിന്നും 134591/- ലഭിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമായതിന്റെ ചെക്കോ മറ്റുള്ള വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. മേൽ രണ്ട് പദ്ധതിക്കും കൂടി കാലിത്തീറ്റ വാങ്ങിയ ഇനത്തിൽ കേരള ഫീഡ്സിന് നല്കിയ ആകെ തുക

594350/-രൂപയാണ്. (പ്രൊജക്റ്റ് നം. 44/19 - ₹.569182/- (ജനറൽ) &പ്രൊജക്റ്റ് നം. 45/19 - ₹.25168(എസ്.സി) കേരള ഫീഡ്സിൽ നിന്നും ലഭ്യമായ കാലിത്തീറ്റയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തിയ്യതി | തുക |
|---|---|---|---|
| 01 | KFLPI-18-19-041890 | 27.12.18 | 10100 |
| 02 | KFLPI-18-19-041889 | 27.12.18 | 92920 |
| 03 | KFLPI-18-19-047554 | 30.01.19 | 89010 |
| 04 | KFLPI-18-19-049271 | 11.02.19 | 201160 |
| 05 | KFLPI-18-19-052271 | 25.12.19 | 201160 |
| | | ആകെ | 594350 |

മേൽ രണ്ട് പ്രൊജക്റ്റുകൾക്ക് വേണ്ടിയും ഒരുമിച്ചാണ് കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗ രേഖപ്രകാരം കാലിത്തീറ്റ ക്ഷീര സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. പ്രോജക്റ്റ് നം. 44/19ൽ ഇത് രേഖപ്പെടുത്തിയിട്ടുമുണ്ട്.എന്നാൽ ഏത് ക്ഷീര സംഘങ്ങൾ വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്തതെന്ന് ഫയലിൽ വ്യക്തമല്ല. അത് യഥാർത്ഥ ഗുണഭോക്താക്കൾക്കു തന്നെയാണ് ലഭിച്ചതെന്നും ഉറപ്പാക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നമ്പർ 18 തിയ്യതി 30.12.19 നല്കിയ മറുപടിയ്ക്ക് നിലവിൽ ആലംകോട് പഞ്ചായത്ത് പരിധിയിൽ ഒരു ക്ഷീര സഹകരണം സംഘം മാത്രമേയുള്ളൂ എന്നും പ്രസ്തുത സംഘത്തിന് കാലിത്തീറ്റ സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള സൗകര്യമില്ലാത്തതു കൊണ്ട് കുടുംബശ്രീ വഴി അർഹരായ ഗുണഭോക്താക്കൾക്ക്മാത്രമാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തനത് ഫണ്ടായി ലഭിച്ച 134591/-രൂപയുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ പാലിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ-₹.227300/-തടസ്സപ്പെടുത്തുന്നു.

പാടശേഖര സമിതികൾക്ക് പമ്പ് സെറ്റും പെട്ടിപ്പറയും നല്കി നെൽകൃഷിയുടെ വികസനം പരമാവധി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 37/19 |
| പ്രൊജക്റ്റിന്റെ പേര് | രജിസ്റ്റേർഡും 18-19 റിന്യൂവൽ ചെയ്തതുമായ പാടശേഖര സമിതികൾക്ക് പമ്പ് സെറ്റും പെട്ടിപ്പറയും നല്കൽ |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ, |
| അടങ്കൽ | ₹.230000 |
| ചെലവഴിച്ച തുക | ₹.227300/- |

| | ട്രഷറി ബിൽ നം. 3/18-19 തിയ്യതി 24.12.18 |
|---|---|

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നം. W-118/18-19 dated 07.12.18ന് 143000/-രൂപയുടേയും,ഇൻവോയ്സ് നം. W-119/18-19 dated 07.12.18ന് 84300/- രൂപയുടേയും പമ്പ് സെറ്റ് വാങ്ങിയിട്ടുണ്ട്. ആകെ 227300/- രൂപയുടെ പമ്പ് സെറ്റ്. മേൽ പ്രോജക്ട് പ്രകാരം രജിസ്റ്റേർഡും 18-19 ൽ റിന്യൂവൽ ചെയ്തതുമായ പാടശേഖര സമിതികൾക്ക് പമ്പ് സെറ്റും പെട്ടിപ്പറയും നല്കൽ എന്ന പ്രോജക്റ്റിൽ പാടശേഖര സമിതികൾക്ക് അനുവദിച്ച പമ്പ് സെറ്റ് എരവറാംകുന്ന് പാടശേഖരത്തിലേക്ക് 10.H.P, 5 H.P എന്നീ രണ്ട് മോട്ടോറുകൾ നല്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി മാർഗ്ഗ രേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് മാത്രമാണ് മേൽ പ്രോജക്റ്റ് നടത്തേണ്ടത് എന്നിരിക്കേ ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. പ്രോക്യൂയർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പുസ്തകത്തിൽ മേൽ വാങ്ങലിന് അനുമതി ലഭിച്ചതായി കാണുന്നില്ല.26.02.2019 തിയ്യതി നടന്ന ആലംകോട് ഗ്രാമ പഞ്ചായത്ത് സാധാരണ യോഗത്തിലെ 2/9നമ്പർ തീരുമാന പ്രകാരം പ്രോജക്ട് രൂപപ്പെടുത്തുമ്പോൾ സംഭവിച്ച പാകപ്പിഴവിന് സാധൂകരണം ലഭിക്കുന്നതിന് കോർഡിനേഷൻ സമിതിയോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും തുടർനടപടികൾ ഫയലിൽ ലഭ്യമല്ല. മേൽ അപാകതയ്ക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം. 17 തിയ്യതി 30.12.2019ന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ₹.227300/-തടസ്സപ്പെടുത്തുന്നു.

# 1-29 വൃദ്ധർക്ക് കട്ടിൽ നല്കൽ (എസ്.സി)-ജാതി തെളിയ്യിക്കുന്ന സർട്ടിഫിക്കറ്റിന്റെ അഭാവത്താൽ 9390/- രൂപ തടസ്സപ്പെടുത്തുന്നു.

പട്ടികജാതിപ്പെട്ട വൃദ്ധർക്ക് കട്ടിൽ നല്കൽ എന്നതാണ് പദ്ധതിയുടെ ഉദ്ദ്യേശ്യം. ഒരു കട്ടിലിന് 3130/- രൂപ പ്രകാരം വാങ്ങി കട്ടിൽ വിതരണം ചെയ്യുകയാണുണ്ടായത്. പദ്ധതിയുടെ വിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 25 |
| പ്രൊജക്റ്റിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ നല്കൽ (എസ്.സി) |
| നിർവ്വഹണോദ്യോഗസ്ഥ | വി.ഇ.ഒ |
| ചെലവഴിച്ച തുക | ₹ 297350/-<br>ട്രഷറി ബിൽ നം. 39/18-19 തിയ്യതി 26.03.19 |

എന്നാൽ കട്ടിൽ ലഭിച്ച താഴെപ്പറയുന്നവർ ജാതി തെളിയ്ക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് അപേക്ഷയിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

1. അമ്മാളു, നടുവൻ പുരയ്ക്കൽ, ചെയ്യാന്നൂർ
2. ചെറിയ അടിമ, പെറ്റേക്കാട്ടുപടി, ആലങ്കോട്
3. കുറുംബ, അട്ടയിരുകുന്ന്, ആലങ്കോട്

മേൽ പറഞ്ഞവരുടെ ജാതി തെളിയ്ക്കുന്നതിനുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 9390/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-30 വൃദ്ധർക്ക് കട്ടിൽ നല്കൽ(ജനറൽ) -ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ല- 6260/-രൂപ തടസ്സപ്പെടുത്തുന്നു.

പൊതുവിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ നല്കൽ എന്നതാണ് പദ്ധതിയുടെ ഉദ്ദ്യേശ്യം. ഒരു കട്ടിലിന് 3130/-രൂപ പ്രകാരം വാങ്ങി കട്ടിൽ വിതരണം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. മേൽ പദ്ധതിയുടെ വിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 26 |
| പ്രൊജക്റ്റിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ നല്കൽ (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥ | വി.ഇ.ഒ |
| ചെലവഴിച്ച തുക | ₹ 297350/-<br>ട്രഷറി ബിൽ നം. 38/18-19 തിയ്യതി 26.03.19 |

എന്നാൽ കട്ടിൽ ലഭിച്ച താഴെപ്പറയുന്നവർ നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല.

1. മുഹമ്മദ്കുട്ടി, നൊട്ടത്ത് വളപ്പിൽ, പന്തല്ലൂർ
2. ഫാത്തിമ, നടുവില വളപ്പിൽ, കാളച്ചാൽ

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പേരുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ 6260/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-31 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

2018-19 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര്/ഫണ്ട് | തുക | ബിൽ / വൗച്ചർ നമ്പർ / തീയതി | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 161/18-19 | ഹോമിയോ ഡിസ്പെൻസറിക്ക് കുഴൽക്കിണർ നിർമ്മാണം | 33400 | 22/18-19 തി. 27-12-18 | ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ കാര്യാലയം മലപ്പുറം |

| | | | | | |
|---|---|---|---|---|---|
| | | ധനകാര്യ കമ്മീഷൻ അവാർഡ് | | | |
| 2 | 157/18-19 | 9ാം വാർഡ് 20ാം നമ്പർ<br>അംഗനവാടി നിർമ്മാണം<br>ധനകാര്യ കമ്മീഷൻ അവാർഡ് | 5,00,000 | 19/18-19 തി. 13-11-18 | എം ജി എൻ ആർ ഇ ജി എസ് മിഷൻ ഡയറക്ടറുടെ കാര്യാലയം<br>തിരുവനന്തപുരം |
| 3 | 217/18-19 | 14ാം വാർഡ് 27ാം നമ്പർ<br>അംഗനവാടി നിർമ്മാണം<br>ധനകാര്യ കമ്മീഷൻ അവാർഡ് | 5,00,000 | 20/18-19 തി. 13-11-18 | എം ജി എൻ ആർ ഇ ജി എസ് മിഷൻ ഡയറക്ടറുടെ കാര്യാലയം<br>തിരുവനന്തപുരം |
| 4 | 11/18-19 | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ<br>ധനകാര്യ കമ്മീഷൻ അവാർഡ് | 5,00,000 | 32/18-19 തി. 20-3-19 | എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം<br>കേരള വാട്ടർ അതോറിറ്റി<br>പി എച്ച് ഡിവിഷൻ എടപ്പാൾ |
| 5 | 215/18-19 | സ്കൂളുകളിൽ ബയോഗ്യസ് പ്ലാന്റ് സ്ഥാപിക്കൽ<br>കേന്ദ്രാവിഷ്കൃത ഫണ്ട്(ശുചിത്വ മിഷൻ ഗ്രാന്റ്) | 3,99,120<br>3,00,000 | 5139025/14-3-19<br>5139026/14-3-19 | ഐ ആർ ടി സി മുണ്ടൂർ |
| 6 | 10/18-19 | ഇലക്ട്രിക് പോസ്റ്റ് മാറ്റിവയ്ക്കൽ<br>തനത് ഫണ്ട് | 36289 | 21800563/11-10-18 | അസി.എഞ്ചിനീയറുടെ കാര്യാലയം<br>കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ചങ്ങരംകുളം |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 22,68,809 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 22,68,809 രൂപ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 9/28-12-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

# 1-32 പി.എച്ച്.സി.യിലേക്ക് പ്രിന്ററും ലബോറട്ടറി ഉപകരണങ്ങളും വാങ്ങൽ-അപാകതകൾ

<u>പി.എച്ച്.സി.യിലേക്ക് പ്രിന്ററും ലബോറട്ടറി ഉപകരണങ്ങളും വാങ്ങൽ-അപാകതകൾ</u>

| | |
|---|---|
| പ്രൊജക്റ്റ് നം. | 201/19 |
| പ്രൊജക്റ്റിന്റെ പേര് | പി.എച്ച്.സി.യിലേക്ക് പ്രിന്ററും ലബോറട്ടറി ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,<br>പ്രൈമറി ഹെൽത്ത് സെന്റർ. |
| ആകെ അടങ്കൽ | ₹.50000/- |
| ചെലവഴിച്ച തുക | ₹.50000/-<br>Try.Bill No. 4/18-19 തിയ്യതി 24.05.19 |

മേൽ പദ്ധതി പ്രകാരം പി.എച്ച്.സി.യിലേക്ക് പ്രിന്ററും ലബോറട്ടറി ഉപകരണങ്ങളും വാങ്ങുന്നതിന് താഴെക്കാണുന്ന ഇൻവോയ്സ് പ്രകാരം ഗ്ലോബൽ ബയോടെക്ക് നടുവട്ടം, എടപ്പാൾ എന്ന സ്ഥാപനത്തിൽ നിന്നും 50000/-രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം. തിയ്യതി | തുക |
|---|---:|
| GB/615/17-18/19.03.18 | 15411 |
| GB/620/17-18/20.03.18 | 19671 |
| GB/621/17-18/22.03.18 | 5286 |
| GB/633/17-18/26.03.18 | 9632 |
| ആകെ | 50000 |

മേൽ ഉപകരണങ്ങൾ ഒരുമിച്ച് വാങ്ങാതെ വിവിധ തിയ്യതികളിൽ ഒരു സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ വിളിച്ചതിന്റെ വിശദവിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ക്വട്ടേഷൻ വിളിക്കാതെ പ്രിന്ററും ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-33 പി.എം.എ.വൈ-അധികം വിഹിതം അടവാക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 32 |
| പ്രൊജക്റ്റിന്റെ പേര് | പി.എം.എ.വൈ-അധിക വിഹിതം അടവാക്കൽ(2016-17, 2017-18) |
| നിർവ്വഹണോദ്യോഗസ്ഥ | വി.ഇ.ഒ |
| ചെലവഴിച്ച തുക | ₹.282000/-<br>Try.Bill No. 6/18-19 തിയ്യതി 13.07.18 |

മേൽ പദ്ധതിയ്ക്കായി പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് ട്രഷറി ബിൽ നം.6/18-19 തിയ്യതി 13.07.18 പ്രകാരം 282000/- ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 19.07.19 മുതൽ 20.07.19 വരെ | കെ.എസ്.എ.എം.പി.എം.28/1076/19 തിയതി.26.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം. | ചെലവഴിച്ചതുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 212500 | പ്രോ.നം-92/19<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 212500 | 0 |
| | 945500 | പ്രോ.നം143/19<br>ലൈഫ് ഭവന പദ്ധതി | 0 | 945500 |
| | 403000 | പ്രോ.നം143/19<br>ലൈഫ് ഭവന പദ്ധതി | 0 | 403000 |
| ബ്ലോക്ക് പഞ്ചാ യത്ത് | 350000 | പ്രോ.നം35/19<br>സമഗ്ര നെൽകൃഷി വികസനം (68/18) | 350000 | 00 |
| | 100000 | പ്രോ.നം105/19<br>എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 100000 | 00 |
| | 500000 | പ്രോ.നം143/19<br>ലൈഫ് ഭവന പദ്ധതി | 500000 | 0 |
| | 212500 | പ്രോ.നം-92/19<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 208600 | 3900 |
| | 400000 | പ്രോ.നം221/19<br>എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | 200000 | 200000 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | പ്രോ.നം11/19 പൈപ്പ് ലൈൻ നീട്ടൽ | 21801389/07.03.2019 | 500000 | 0 | പൂർത്തീകരിച്ചിട്ടില്ല | 500000 |
| ഭൂജലവകുപ്പ് മലപ്പുറം | 1.പ്രോ.നം61/19 ഗവ. ഹോമിയോ ഡിസ്പൻസറി കുഴൽ കിണർ നിർമ്മാണം | 21801152/24.12.2018 | 33400 | 33400 | പൂർത്തീകരിച്ചു. യു.സി ലഭിച്ചില്ല. | 600000 |
| | 2.പുഞ്ചിരിക്കുന്ന് കുടിവെള്ള | 21801153/24.12.2018 | 38174 | 27328 | പൂർത്തീകരിച്ചു. യു.സി ലഭിച്ചില്ല | 10846 |

| | | | | | | |
|---|---|---|---|---|---|---|
| | പദ്ധതി കുഴൽകിണർ നിർമ്മാണം | | | | | |
| Mission Dierector MGNREGS | 1.പ്രോ.നം157/19 20ാം വാർഡ് അംഗൻവാടി നിർമ്മാണം. | 21801048/13.11.2018 | 500000/- | 0 | പൂർത്തീകരിച്ചിട്ടില്ല | 500000 |
| | 2.പ്രോ.നം27/19 അംഗൻവാടി നിർമ്മാണം. | 21801049/13.11.2018 | 500000/- | 0 | പൂർത്തീകരിച്ചിട്ടില്ല | 500000 |
| IRTC മുണ്ടൂർ പാലക്കാട് | പ്രോ.നം.215/19 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 21801312/14.03.2019 | 399120 | 0 | പൂർത്തീകരിച്ചിട്ടില്ല | 399120 |
| | | 21801313/14.03.2019 | 300000 | 0 | പൂർത്തീകരിച്ചിട്ടില്ല | 300000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തി | വായ്പ തുക | തിരിച്ചടക്കാൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിട നിർമ്മാണം | Go(Rt) no.974/07/LSGD dt.26.03.2011 Go No. Kurdfc/ gp/156/07 dt. 26.03.11 Go No. Kurdfc/ gp/156/07/27.11.13 Go No. Kurdfc/ | 5000000 5022000 3164645 430000/- 1700000/- | 4630061 | 3794461 | 418618 | 831984 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | gp/156/07dt.<br>24.06.14<br>Go No.<br>Kurdfc/<br>gp/156/07dt.11.03.16 | | | | | |
| 2 | ഇ.എം.<br>എസ് ഭവന<br>പദ്ധതി | Go.No.773/10/<br>Lsgd dt.<br>08.03.10 | | 2474978+81<br>(പലിശ) | 500000 | 0 | 1975059 |
| 3 | ലൈഫ്<br>ഭവന<br>പദ്ധതി | | | 9728634 | 0 | 0 | 9728634 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 14600/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14600 |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 67195 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി |
|---|---|---|---|---|
| 2017-18 | എൻക്വയറി -1 | 32505 | അജീഷ് കെ നാരായണൻ എ.ഇ എൽ.എസ്.ജി.ഡി | 6572601/25.09.2018 |
| 2016-17 | 2-1(2) | 200 | സമീർ | 118140109179/22.02.19 |
| 2015-16 | 2-5 | 2500 | മാനേജർ മദർ& ചൈൽഡ് ഹോസ്പിറ്റൽ | 118140109690/02.03.19 |
| 2015-16 | 2-2 | 5109<br>260 | | 41800273/06.03.19<br>41800274/6.3.19 |
| 2015-16 | 2-2 | 3927 | മണികണ്ഠൻ താമരശ്ശേരി | 118140109847/6.3.19 |
| 2015-16 | 2-2 | 1300 | മാനേജർ കക്കിടിപ്പുറം | 118140109940/06.3.19 |
| 2009-10,2010-11 | 2-2 | 200 | ചന്ദ്രശേഖരൻ നായർ | 118140110215/14.03.19 |
| 2009-10,2010-11 | 2-2 | 400 | ശശിധരൻ മൂക്കോത്ത് | 118140110266/14.03.19 |
| 2006-07 | 2-1 | 1382 | കുഞ്ഞാലി കുമ്പില വളപ്പിൽ | 118140110436/14.03.19 |

| | | | | |
|---|---|---|---|---|
| 2006-07 | 3-3 | 1415 | രാമചന്ദ്രൻ | 118140110613/23.03.19 |
| 2006-07 | 3-6 | 14075 | യു. വി സിദ്ധീഖ് | 41800284/25.03.19 |
| 2015-16 | 2-2 | 3922 | സിദ്ധീഖ് | 118140110890/29.03.19 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |
| - | | 2013-14 | | ലഘു അവലോകനം(പെർഫോമൻസ് ഗ്രാന്റ്) | |
| 2017-18 | 3(1) | 2018-19 | | വർഷങ്ങളായി ഉപയോഗിക്കിക്കാതെ കിടക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റ പണി | |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 40,46,47 | പി. സുബ്രഹ്മണ്യൻ സെക്രട്ടറി പഞ്ചായത്ത് വകുപ്പ് | LF 22378/ Spl.cell/ SC5/04 17.5.06 | 1,77,855 | | | 1,77,855 | | | | ഒപി-245/06 ഡി.സി. മഞ്ചേരി |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97907401 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92181464 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | 3846031 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി)ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-31 | 2268809 | ബാബു രാജൻ .പിവി , സെക്രട്ടറി |
| 1-18 | 40000 | I.C.D.S.സൂപ്പർവൈസർ |
| 1-19 | 192250 | ഹെഡ്മാസ്റ്റർ |
| 1-22 | 232936 | അസി.സെക്രട്ടറി |
| 1-23 | 504086 | അസി.സെക്രട്ടറി |
| 1-26(1) | 165000 | ഡോ.റിയാസ്.സി മെഡിക്കൽ ഓഫീസർ |
| 1-26(2) | 150000 | ഡോ.റിയാസ്.സി മെഡിക്കൽ ഓഫീസർ |
| 1-28 | 227300 | നളിനി.എൻ,കൃഷി ഓഫീസർ |
| 1-29 | 9390 | കെ.സജി, വി.ഇ.ഒ |
| 1-30 | 6260 | കെ.സജി, വി.ഇ.ഒ |
| 1-32 | 50000 | ഡോ. ജൂൽന |
| ആകെ | | 3846031 |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഇല്ല

ഇ) നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

എഫ് )റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.8/406/97/18.2.97 | 9 | |
| 83-84 | എൽ.എഫ്.എം.8/407/97/18.2.97 | 11 | |
| 84-85 | എൽ.എഫ്.എം.8/408/97/18.2.97 | 10 | |
| 85-86 | എൽ.എഫ്.എം.8/409/97/18.2.97 | 12 | |
| 88-90 | എൽ.എഫ്.എം.8/411/97/18.2.97 | 12 | |
| 90-91 | എൽ.എഫ്.എം.8/412/97/19.2.97 | 6 | |
| 91-92 | എൽ.എഫ്.എം.8/413/97/19.2.97 | 6 | |
| 92-93 | എൽ.എഫ്.എം.8/414/97/19.2.97 | 6 | |
| 93-94,94-95,95-96 | എൽ.എഫ്.എം.9/57/00/11.4.00 | 2 | |
| 96-97 | എൽ.എഫ്.എം.9/988/11.5.99 | 5 | |
| 97-98 | എൽ.എഫ്.എം.9/597/98/9.11.99 | 9 | |
| 98-99 | എൽ.എഫ്.എം.4/852/02/24.5.03 | 7 | |
| 99-00 | എൽ.എഫ്.എം.9/333/04/3.7.04 | 25 | |
| 00-01ചെലവ് | എൽ.എഫ്.എം.9/383/08/27.11.06 | 4 | |
| 00-01 വരവ് | എൽ.എഫ്.എം.8/1773/07/23.1.09 | 10 | |
| 01-02 | എൽ.എഫ്.എം.8/1774/07/23.1.09 | | |
| 02-03 | എൽ.എഫ്.എം.8/1775/07/23.1.09 | 11 | |
| 03-04 | എൽ.എഫ്.എം.8/1776/07/23.1.09 | 5 | |
| 04-05 | എൽ.എഫ്.എം.8/1777/07/23.1.09 | 5 | |
| 05-06 | എൽ.എഫ്.എം.8/1778/07/23.1.09 | 13 | |
| 06-07 | എൽ.എഫ്.എം18/1366/11/27.3.2012 | 14 | |
| 07-08 | എൽ.എഫ്.എം18/2323/11/27.3.12 | 10 | |
| 08-09 | എൽ.എഫ്.എം18/574/11/31.5.11 | 10 | |
| | | | |

| | | | |
|---|---|---|---|
| 09-10,10-11 | എൽ.എഫ്.എം17/2389/2013/29.3.14 | 26 | |
| 11-12,12-13 | എൽ.എഫ്.എം17/440/15/2015/9.4.2015 | 28 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം28/1406/16/11-7-2016 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം28/3275/16/20-01-2017 | 28 | |
| 2016-17 | കെ.എസ്.എ.എം.പി.എം28/3275/16/20-01-2017 | 15 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# **Annexure-1** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.28/1076/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: ......................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

## Annexure-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്